**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 597** **23-07-2021 - ൽ മറുപടിയ്ക്ക്**

**താല്ക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മുൻസർക്കാരിന്റെ കാലത്ത് ചലച്ചിത്ര-സാംസ്കാരിക വകുപ്പുകളിൽ എത്ര താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്ന വിവരം അറിയിക്കുമോ; | (എ) | കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ ഒരാളെ എൽ.ഡി. ക്ലാർക്ക് തസ്തികയിലും, ഭാരത് ഭവനിൽ ഒരാളെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലും, ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലുള്ള വിജ്ഞാനമുദ്രണം പ്രസിൽ ജോലി ചെയ്തു വരുന്ന അംഗപരിമിതരായ 10 ജീവനക്കാരെ വിവിധ തസ്തികകളിലും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരൻമാരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി മുൻ സർക്കാരും ഈ സർക്കാരും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | കോവിഡ് മഹാമാരി മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000/- രൂപാ വീതം ആകെ 290.5ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000/- രൂപ വീതം നൽകി. ഈ വർഷം 1000/- രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ |

| | | | |
|---|---|---|---|
| | | | അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു. കോവിഡ് കാലത്ത് കലാ സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സഹായിക്കുക എന്നത് കൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യുട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. കോവിഡ് മഹാമാരി മൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി ‘സർഗ്ഗഭൂമിക’ എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ കാലത്ത് നൂറു കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000/- രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമേച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപാ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക് ഡൗൺ മൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മുപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിന് വേണ്ടി ‘ മഴമിഴി ’ എന്ന പേരിൽ ആകെ 99,75,000/- രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. ലളിതകലാ അക്കാദമി കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ‘നിറകേരളം ’ ചിത്രരചനാ പരിപാടിയിൽ 250 കലാകാരന്മാർക്ക് 20,000/- രൂപാ വീതം ധനസഹായവും, പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ